"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - തൃശ്ശൂർ വടക്കാഞ്ചേരി എക്സൈസ് സർക്കിൾ ഓഫീസിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ്(റിട്ടയേർഡ്) ശ്രീ.ഹരിദാസ് പി.എ.യ്ക്കെതിരെയുള്ള അച്ചടക്കനടപടി- പുന:പരിശോധനാ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.654/2025/TAXES തീയതി,തിരുവനന്തപുരം, 14-07-2025

---

പരാമർശം:-

1. എക്സൈസ് കമ്മീഷണറുടെ 18.02.2025-ലെ EXC/1566/2023-XE4 നമ്പർ ഉത്തരവ്.
2. ശ്രീ.ഹരിദാസ് പി.എ. 14.03.2025-ൽ സമർപ്പിച്ച പുന:പരിശോധനാ ഹർജി
3. എക്സൈസ് കമ്മീഷണറുടെ 07.05.2025-ലെ EXC/1566/2023-XE4 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തൃശ്ശൂർ ഡിവിഷനിലെ ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിലെ എക്സൈസ് ഇൻസ്പെക്ടർ ശ്രീ ഡി.വി.ജയപ്രകാശിന്റെ നേതൃത്വത്തിൽ ടി ഓഫീസിലെ പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ.റ്റി.എസ്.സജി, പി.എ.ഹരിദാസ്, സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ.കെ.ശരത്, അനിസ് മുഹമ്മദ് പി.ഇ., വനിത സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി സിജ എൻ.കെ. എന്നിവർ പ്രേമദാസൻ എന്ന ടാക്സി ഡ്രൈവറുടെ ഇന്നോവ കാറിൽ 12.03.2023-ന് പട്രോൾ പോയതായും, വാടാനാപ്പള്ളി റേഞ്ച് പരിധിയിലുള്ള മുല്ലശ്ശേരി എഫ്എൽ.1 ഷോപ്പിന്റെ സമീപത്തു നിന്നും 3 ലിറ്റർ മദ്യം വാങ്ങിവന്ന രഞ്ജിത്തിനെ പിടികൂടിയതായും, രഞ്ജിത്തിനെ ചോദ്യം ചെയ്തതിൽ ശർമിള എന്ന സ്ത്രീക്ക് വില്പനയ്ക്കായി വാങ്ങിക്കൊണ്ടു പോവുകയാണെന്ന് മനസ്സിലാക്കി ടിയാനെയും കൂട്ടി ശർമിളയുടെ വീട്ടിലെത്തി പരിശോധിച്ചതിൽ വീട്ടിൽനിന്നും 12 കുപ്പി ബിയർ കൂടി കണ്ടെടുത്ത് എല്ലാ മദ്യവും കൂടിചേർത്ത് രഞ്ജിത്തിന്റെ പേരിൽ കേസെടുക്കാൻ തീരുമാനിച്ചതായും മഹസ്സർ ഒഴികെ മറ്റ രേഖകൾ എല്ലാം തയ്യാറാക്കി ശർമിളയെയും ശർമിളയുടെ വീടിനു പുറകിൽ താമസിക്കുന്ന രാജൻ എന്ന ആളെയും സാക്ഷികൾ

ആക്കിയതായും, തുടർന്ന് എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ഡി.വി.ജയപ്രകാശും, പ്രിവന്റീവ് ഓഫീസർ ശ്രീ.സജിയും ശർമിളയുടെ ബന്ധുവായ രാജനുമായി സംസാരിച്ച് കേസ് ഒതുക്കി തീർക്കുന്നതിനായി പണം കൈപ്പറ്റിയിട്ടുള്ളതായും കേസെടുക്കാതെ ഓഫീസിലേയ്ക്ക് മടങ്ങിപ്പോയതായും മദ്യം ഓഫീസിലേയ്ക്ക് കൊണ്ടുവന്നശേഷം എക്സൈസ് ഇൻസ്പെക്ടറും പ്രിവന്റീവ് ഓഫീസർ ശ്രീ.സജിയും പങ്കിട്ടെടുത്തതായും ഇ.ഐ&ഐ.ബി ജോയിന്റ് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച വന്ന അച്ചടക്കനടപടിയിൽ തൃശ്ശൂർ വടക്കാഞ്ചേരി എക്സൈസ് സർക്കിൾ ഓഫീസിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ്(റിട്ടയേർഡ്) ശ്രീ.ഹരിദാസ് പി.എ.യ്ക്കെതിരായ നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് പരാമർശം (1) പ്രകാരം തീർപ്പാക്കിയ ഉത്തരവിനെതിരെ ടിയാൻ പരാമർശം (2) പ്രകാരം സർക്കാരിൽ പുന:പരിശോധനാ ഹർജി സമർപ്പിച്ചിരുന്നു. ടി അപ്പീൽ അപേക്ഷയിന്മേൽ 19.06.2025 തീയതിയിൽ വാദം കേൾക്കുകയുണ്ടായി. ടിയാൾക്കെതിരെയുള്ള കുറ്റങ്ങൾ ഭാഗികമായിമാത്രം തെളിയുന്നതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ വാർഷികവേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ടുള്ള എക്സൈസ് കമ്മീഷണറുടെ ഉത്തരവ് റദ്ദാക്കി ടിയാനെ കുറ്റവിമുക്തനാക്കണമെന്നും, ടിയാന്റെ സർവീസ് റെഗുലറൈസ് ചെയ്ത ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കണമെന്നുമാണ് ഹർജിക്കാരൻ ആവശ്യപ്പെടുന്നത്.

**(2) ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ കൊടുക്കുന്നു.**

i. ടിയാൻ 32 വർഷത്തെ സർക്കാർ സേവനം പൂർത്തിയാക്കി 31.03.2025-ന് വിരമിച്ചു.

ii. ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിൽ ടിയാൻ പ്രിവന്റീവ് ഓഫീസർ ആയിരിക്കെ, 12.3.2023 തീയതി രാവിലെ ടി ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ശ്രീ.ടി.എസ്.സജി, സിവിൽ എക്സൈസ് ഓഫീസർ ശ്രീ.പി.ഇ.അനീസ് മുഹമ്മദ് എന്നിവരും ചേർന്ന് രഞ്ജിത്ത് (ശർമിള എന്ന സ്ത്രീയുടെ ഉടമസ്ഥതയിലുള്ള സ്കൂട്ടർ ഉൾപ്പെടെ), മൊയ്തു, ഹരിദാസ് എന്നിവരെ അനധികൃതമായി കൈവശം വെച്ചിട്ടുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യവുമായി പിടികൂടി.

iii.തുടർന്ന്, രഞ്ജിത്തിന്റെ മൊഴികളുടെ അടിസ്ഥാനത്തിൽ, ഹർജിക്കാരനും, സിവിൽ എക്സൈസ് ഓഫീസർമാരായ അനീസ് മുഹമ്മദ്, ശരത്, വനിതാ സിവിൽ എക്സൈസ് ഓഫീസർ സിജ എന്നിവരും പ്രേമദാസൻ എന്നയാളുടെ വാടകക്കാറിലും പ്രിവന്റീവ് ഓഫീസർ സജിയും പ്രതി രഞ്ജിത്തും ശർമിളയുടെ ഉടമസ്ഥതയിലുള്ള സ്കൂട്ടറിലും എക്സൈസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ശർമിളയുടെ വീട്ടിലെത്തി പരിശോധന നടത്തുകയും 12 കുപ്പി ബിയർ കണ്ടെത്തുകയും ചെയ്തു.

iv. ടി ശർമിള, രഞ്ജിത്ത് എന്നിവരെ കേസിൽ നിന്ന് ഒഴിവാക്കുന്നതിനായി എക്സൈസ് ഇൻസ്പെക്ടറും പ്രിവന്റീവ് ഓഫീസർ സജിയും ഗൂഢാലോചന നടത്തുകയും ശർമിളയുടെ ബന്ധുവായ രാജൻ എന്നയാളിൽനിന്നും 10,000/- രൂപ കൈക്കൂലിയായി പ്രിവന്റീവ്

ഓഫീസർ സജി വാങ്ങുകയും ചെയ്തു.

v. ടി രഞ്ജിത്തിനെതിരെ മഹസർ ഒഴികെയുള്ള രേഖകൾ തയ്യാറാക്കിയെങ്കിലും ടിയാനെതിരെ എക്സൈസ് ഇൻസ്പെക്ടർ കേസ് രജിസ്റ്റർ ചെയ്യുകയോ, പട്രോൾ പോയ കാര്യമോ കേസ് എടുത്ത കാര്യമോ ജനറൽ ഡയറി അടക്കമുള്ള രേഖകളിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

vi. കൈക്കൂലിയായി വാങ്ങിയ തുകയും പിടികൂടിയ മദ്യവും എക്സൈസ് ഇൻസ്പെക്ടറും പ്രിവന്റീവ് ഓഫീസർ സജിയും പങ്കിട്ട് എടുത്തിട്ടുള്ളതാണ്.

vii. ഓഫീസിലെത്തിയ ശേഷമാണ് പ്രിവന്റീവ് ഓഫീസർ സജിയും എക്സൈസ് ഇൻസ്പെക്ടർ ഡി.വി.ജയപ്രകാശും രാജൻ എന്നയാളിൽ നിന്ന് 10,000/- രൂപ വാങ്ങിയ കാര്യം ഹർജിക്കാരൻ അറിയുന്നത്. രാജൻ എന്നയാളുടെ സാക്ഷി മൊഴിയിൽ ഈ കാര്യം സാധൂകരിക്കുന്നു.

viii. ടി നിയമവിരുദ്ധ പ്രവൃത്തി ടിയാൻ വാടാനപ്പള്ളി എക്സൈസ് ഇൻസ്പെക്ടർ ശ്രീ.സുജിത്ത്, തൃശ്ശൂർ എക്സൈസ് ഇന്റലിജൻസ് ആൻഡ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ പ്രിവന്റീവ് ഓഫീസർ ശ്രീ.കെ.ജെ.ലോനപ്പൻ എന്നിവരെ രഹസ്യസ്വഭാവത്തിൽ വിളിച്ചറിയിച്ചു. (Call history list & പ്രിവന്റീവ് ഓഫീസർ ശ്രീ.ലോനപ്പന്റെ മൊഴി പകർപ്പ് എന്നിവ സമർപ്പിച്ചിട്ടുണ്ട്.)

ix. പ്രിവന്റീവ് ഓഫീസർ ശ്രീ.ലോനപ്പൻ അന്വേഷണം നടത്തുകയും ടി പരാതി സത്യമാണെന്ന് ബോധ്യപ്പെടുകയും, എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ ബ്യൂറോ ജോയിന്റ് എക്സൈസ് കമ്മീഷണർ ശ്രീ.രഞ്ജിത്തിന് റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

x. പരിശോധനയ്ക്കുശേഷം ജോയിന്റ് എക്സൈസ് കമ്മീഷണർ ശ്രീ.രഞ്ജിത്ത് എക്സൈസ് കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചു. (Report No.CA/JEC IB 01/2023(11) dtd 22.03.2023).

xi. ജോയിന്റ് എക്സൈസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരനെതിരെ യാതൊരു പരാതിയും കുറ്റവും ആരോപണങ്ങളും ഇല്ലാത്തതാണ്.

xii. എന്നാൽ, എക്സൈസ് കമ്മീഷണറുടെ 27.03.2023 തീയതിയിലെ EXC/1566/2023-XE4 നം. ഉത്തരവ് പ്രകാരം മറ്റുള്ളവരോടൊപ്പം ടിയാനെയും സസ്പെൻഡ് ചെയ്തു.

xiii. ജോയിന്റ് എക്സൈസ് കമ്മീഷണറിന്റെ റിപ്പോർട്ടിൽ വസ്തുതകൾക്കും യാഥാർത്ഥ്യങ്ങൾക്കും നിരക്കാത്ത കാര്യങ്ങൾ മറ്റാരോ അന്യായമായി പേന കൊണ്ട് എഴുതി ചേർത്തിട്ടുണ്ട്. ജോയിന്റ് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ച വേളയിൽ ടി

റിപ്പോർട്ടിൽ പേനകൊണ്ട് എഴുതി ചേർത്ത ഭാഗം ഇല്ല എന്ന് ഫോർമൽ എൻക്വയറി വേളയിൽ ജോയിന്റ് എക്സൈസ് കമ്മീഷണർ മൊഴി നൽകിയിട്ടുണ്ട്. മൊഴിയുടെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്.

xiv. എക്സൈസ് കമ്മീഷണർ പുറപ്പെടുവിച്ച സസ്പെൻഷൻ ഉത്തരവിലും ഹർജിക്കാരനെതിരെ യാതൊരു കുറ്റവും ആരോപിച്ചതായി കാണുന്നില്ല.

xv. തുടർന്ന്, ഹരജിക്കാരൻ 28.03.2023-ന് അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ശ്രീ.ആർ.ജയചന്ദ്രനെ ചുമതലപ്പെടുത്തുകയും No.EDO EKM/463/2023-E1 Dtd 10.05.2023 പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

xvi. ടി റിപ്പോർട്ടിൽ, ഹർജിക്കാരൻ പണം വാങ്ങിയുള്ള മേൽ കുറ്റകൃത്യങ്ങളിൽ ഒന്നും പങ്കാളിയല്ല എന്നും, ടിയാനാണ് ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിലെ മേൽ അന്യായ പ്രവൃത്തിയും അഴിമതിയും വെളിച്ചത്ത് കൊണ്ടുവന്നിട്ടുള്ളത് എന്നും ആയത് ശ്ലാഘനീയമാണെന്നും ടിയാനോട് ഉദാരസമീപനം സ്വീകരിക്കാവുന്നതാണെന്നും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ രേഖപ്പെടുത്തിയിട്ടുണ്ട്.

xvii. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അഡീഷണൽ എക്സൈസ് കമ്മീഷണർ ഉത്തരവ് നം.EXC/1566/2023-XE4 dtd 27.05.2023 പ്രകാരം ടിയാന്റെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയും ടിയാൻ അന്നേദിവസംതന്നെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി ഉത്തരവിലും ടിയാൻ കൈക്കൂലിപ്പണം കൈപ്പറ്റിയെന്നോ മദ്യം പങ്കിട്ടെടുത്തുവെന്നോ ഉള്ള യാതൊരു പരാമർശവും ഇല്ലാത്തതാണ്.

xviii. എന്നാൽ, എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിലെ, ഹർജിക്കാരൻ എക്സൈസ് ഇൻസ്പെക്ടറുടെ നിർദ്ദേശത്തിന് വശംവദനായിട്ടെങ്കിലും ചട്ടരഹിതമായി കേസ് എഴുതിയത് ന്യായീകരിക്കാവുന്നതല്ല എന്ന പരാമർശം, എക്സൈസ് കമ്മീഷണറുടെ ഉത്തരവിലും ഇന്റലിജൻസ് ബ്യൂറോ ജോയിന്റ് എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിലും ടിയാന്റെ പേരിൽ യാതൊരു കുറ്റവും ഇല്ലാതിരിക്കെ ടിയാനെ സസ്പെൻഡ് ചെയ്തത് ന്യായീകരിക്കുവാൻവേണ്ടി മന:പ്പൂർവം എഴുതി ചേർത്തിട്ടുള്ളതാണ്. ടിയാൻ നിയമാനുസരണമാണ് കേസ് എഴുതിയിട്ടുള്ളത്.

xix. തുടർന്ന്, 26.06.2023-ൽ എക്സൈസ് കമ്മീഷണർ നൽകിയ കുറ്റാരോപണ പത്രികയ്ക്കും കുറ്റാരോപണമെമ്മോയ്ക്കും ടിയാൻ 19.07.2023-ന് മറുപടി നൽകിയിട്ടുണ്ട്.

xx. തുടർന്ന്, എക്സൈസ് കമ്മീഷണർ അന്വേഷണത്തിന്റെ ഭാഗമായി എറണാകുളം LAW ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ശ്രീ.ഷാജി എസ്.രാജനെ ഫോർമൽ എൻക്വയറി

ഓഫീസറായി നിയമിക്കുകയും, ടിയാൻ നൽകിയ കുറ്റാരോപണ മെമ്മോയ്ക്ക് ഹർജിക്കാരൻ 26.03.2024-ൽ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

xxi. ടി അന്വേഷണ റിപ്പോർട്ടിലും, ഹർജിക്കാരനെതിരെ കുറ്റാരോപണമെമ്മോയിൽ ഉന്നയിച്ചിട്ടുള്ളതും കൈക്കൂലി വാങ്ങിയതായുള്ള ആരോപണവും മദ്യം പങ്കിട്ടെടുത്തതുമായ 6 കുറ്റങ്ങൾ തെളിഞ്ഞിട്ടില്ല എന്നും, ഭാഗികമായി മറ്റ് കുറ്റങ്ങൾ തെളിഞ്ഞതായി കണക്കാക്കുന്നു എന്ന നിഗമനത്തിൽ എത്തിച്ചേർന്നതായും കാണുന്നു. എന്നാൽ, എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ടിൽ പറയുന്നതുപോലെ, ചട്ടരഹിതമായി കേസ് എഴുതിയെന്ന കാര്യവും മറ്റും തെളിയുന്നതായും കാണുന്നു.

xxii. 32 വർഷ സർവീസ് പൂർത്തിയാക്കിയിട്ടുള്ളതും നാളിതുവരെ യാതൊരുവിധ ശിക്ഷാനടപടികളോ അച്ചടക്കനടപടികളോ നേരിടേണ്ടി വന്നിട്ടില്ലാത്തതുമായ ഹർജിക്കാരനെതിരെ യാതൊരു സാക്ഷി മൊഴികളും തെളിവുകളും ഇല്ലാത്തതാണ്.

xxiii. ഫോർമൽ എൻക്വയറി ഓഫീസറുടെ റിപ്പോർട്ടിൽ, മൊയ്തു, ഹരിദാസ് എന്നിവരുടെ പേരിലുള്ള കേസിന്റെ ഒക്കറൻസ് സമയത്തിൽ മാറ്റം വരുത്തിയും കടത്തിക്കൊണ്ടുവന്ന വാഹനം ഒഴിവാക്കിയും കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായും ടിയാന്മാരെ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതായും അന്വേഷണ റിപ്പോർട്ട് പ്രകാരം വെളിവാകുന്നു എന്നും, ടി കേസുമായി ബന്ധപ്പെട്ട് എക്സൈസ് ഇൻസ്പെക്ടറുടെ നിർദ്ദേശത്തിന് വഴങ്ങി ചട്ടരഹിതമായി കേസ് രേഖകൾ തയ്യാറാക്കിയതായി വെളിവായിട്ടുള്ളതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരന് 19.10.2024-ലെ നം.EXC/1566/2023-XE4(3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

xxiv. ടി നോട്ടീസിൽ, ടിയാന്റെ പേരിൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ ഭാഗികമായി തെളിഞ്ഞിട്ടുണ്ടെന്ന് പറയുകയും അതിന് ചട്ടപ്രകാരം ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ തടയാൻ താൽക്കാലികമായി തീരുമാനിക്കുകയും അതിന് ടിയാൻ മറുപടി സമർപ്പിക്കുകയും ചെയ്തിരുന്നു.

xxv. മൊയ്തു എന്നയാളുടെ പേരിലുള്ള അബ്ക്കാരി കേസ് എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ഡി.വി.ജയപ്രകാശ് ചാവക്കാട് റേഞ്ചിലെ അബ്കാരി ക്രൈം നമ്പർ 17/2023 ആയി എഴുതി രജിസ്റ്റർ ചെയ്യുകയും പ്രതിക്ക് ജാമ്യം അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി കേസ് കണ്ടെടുത്ത ടീമിൽ ഹർജിക്കാരൻ ഉണ്ടായിരുന്നില്ല. ടി വിവരം വിവരാവകാശ രേഖപ്രകാരം ചാവക്കാട് റേഞ്ച് ഓഫീസിൽ നിന്ന് ടിയാന് ലഭ്യമായിട്ടുണ്ട്. (പകർപ്പുകൾ സമർപ്പിച്ചിട്ടുണ്ട്).

xxvi. ഹരിദാസ് എന്നയാളുടെ കൈവശം അധികം മദ്യം ഉണ്ടായിരുന്ന കുറ്റത്തിന് ഹർജിക്കാരൻ ടിയാനെ അറസ്റ്റ് ചെയ്ത് മഹസർ അടക്കമുള്ള രേഖകൾ തയ്യാറാക്കി പ്രതിയെ കേസ് റെക്കോർഡുകളും തൊണ്ടിമുതലും സഹിതം എക്സൈസ് കമ്മീഷണർ ശ്രീ.ഡി.വി.ജയപ്രകാശ് മുമ്പാകെ ഹാജരാക്കുകയും, ചാവക്കാട് എക്സൈസ് റേഞ്ചിൽ ക്രൈം നമ്പർ 18/2023 രജിസ്റ്റർ ചെയ്യുകയും പ്രതിക്ക് അന്നുതന്നെ ജാമ്യം അനുവദിക്കുകയും

ചെയ്തിട്ടുള്ളതാണ്. ടി കേസിൽ വാഹനങ്ങൾ പിടിച്ചെടുത്തിട്ടില്ലാത്തതും, ഹരിദാസ് എന്നയാളുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥർ ആരുംതന്നെ രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്.

xxvii. തുടർന്ന്, ചാവക്കാട് എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ ടി കേസിന്റെ അന്തിമ റിപ്പോർട്ട് തയ്യാറാക്കി ബഹു.ചാവക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതും STNo.3604/2023 ആയി രജിസ്റ്റർ ചെയ്ത ടി കേസിന്റെ 08.08.2024-ലെ വിചാരണവേളയിൽ പ്രതി ഹരിദാസ് കുറ്റം സമ്മതിച്ചിട്ടുള്ളതും ബഹു. കോടതി ടിയാന് കൽപ്പിച്ച 2000 രൂപ പിഴ ടിയാൻ കോടതിയിൽ അടച്ച് കേസ് അവസാനിപ്പിച്ചിട്ടുള്ളതുമാണ്. ഈ വിവരത്തിന്റെ വിവരാവകാശ രേഖ സമർപ്പിച്ചിട്ടുണ്ട്.

xxviii. തുടർന്ന്, ഹർജിക്കാരനെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കിക്കൊണ്ട് എക്സൈസ് കമ്മീഷണർ 18.02.2025 തീയതിയിൽ പുറപ്പെടുവിച്ച EXC/1566/2023-XE4 നമ്പർ ഉത്തരവിൽ, ഹർജിക്കാരനെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങൾ ഭാഗികമായി തെളിയുന്നുണ്ടെന്നതിനാലും കുറ്റത്തിന്റെ ഗൗരവം കണക്കിലെടുത്തും, ടി കുറ്റകൃത്യങ്ങളിൽനിന്നും എക്സൈസ് ഇൻസ്പെക്ടറെ തടയാതെ മൗനം പാലിക്കുകയും ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തുകയും ചെയ്തതിനാലും ടിയാനെതിരെ സ്വീകരിച്ചിരുന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി, ചട്ടപ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ അല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കിയിരിക്കുന്നു. ഇത് പുന:പരിശോധിക്കേണ്ടതാണ്.

xxix. എക്സൈസ് കമ്മീഷണറുടെ അന്തിമറിപ്പോർട്ടിൽ ഹർജിക്കാരന്റെയും സിവിൽ എക്സൈസ് ഓഫീസർ അനീസ് മുഹമ്മദിന്റെയും പേരിലുള്ള കുറ്റങ്ങൾ ഭാഗികമായി മാത്രമേ തെളിഞ്ഞിട്ടുള്ളൂ എന്ന് പറയുന്നുണ്ട്. ഹർജിക്കാരൻ ചെയ്തിട്ടുള്ള കുറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടില്ല. താൽക്കാലിക കാരണം കാണിക്കൽ നോട്ടീസിൽ പറഞ്ഞതിന് വിപരീതമായി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്കാണ് തടഞ്ഞിട്ടുള്ളത്.

xxx. അന്വേഷണ ഉദ്യോഗസ്ഥരുടെ അന്വേഷണറിപ്പോർട്ടുകളിൽ ഗുരുതരമായ ആരോപണങ്ങൾ തെളിഞ്ഞിട്ടുള്ള സിവിൽ എക്സൈസ് ഓഫീസർ ശ്രീ.അനീസ് മുഹമ്മദിനെ, ടി കുറ്റങ്ങളെ കുറിച്ച് ടിയാന് അറിയാമായിരുന്നില്ല എന്ന ടിയാന്റെ വാദം പരിഗണിച്ച്, ഭാഗികമായി മാത്രമേ കുറ്റം തെളിയുന്നുള്ളൂ എന്ന കാരണത്താൽ ടിയാനെതിരെയുള്ള അച്ചടക്കനടപടി സെൻഷർ നൽകി തീർപ്പാക്കിയിട്ടുള്ളതാണ്. അതേ അവസ്ഥയിൽ, ഹർജിക്കാരന് നീതി നിഷേധിച്ചിരിക്കുകയാണ്.

xxxi. എക്സൈസ് ഇൻസ്പെക്ടറെ തടയാതെ മൗനം പാലിച്ചുവെന്നതും ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയെന്നതും തീർത്തും ശരിയല്ലാത്തതാണ്. കൈക്കൂലി വാങ്ങലും മദ്യം പങ്കിട്ടെടുത്തതുമായ കാര്യങ്ങൾ അറിഞ്ഞ ഉടൻതന്നെ വാടാനപള്ളി എക്സൈസ് ഇൻസ്പെക്ടറെയും തൃശ്ശൂർ എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ

ബ്യൂറോയിലെ പ്രിവന്റീവ് ഓഫീസർ ശ്രീ.കെ.ജെ.ലോനപ്പനേയും എക്സൈസ് ഇൻസ്പെക്ടർ ശ്രീ.മനോജിനെയും ഫോണിൽ വിളിച്ച് അറിയിച്ചിട്ടുള്ളതാണ്.

xxxii. ഹർജിക്കാരൻ യാതൊരുവിധ കുറ്റകൃത്യങ്ങൾക്കോ കൃത്യവിലോപങ്ങൾക്കോ അന്യായമായ പ്രവൃത്തികൾക്കോ കൂട്ടുനിൽക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ടിയാനെതിരെയുള്ള ആരോപണങ്ങൾക്ക് കൃത്യമായ തെളിവുകളോ മൊഴികളോ ഇല്ലാത്തതാണ്. ടിയാന്റെ പ്രവൃത്തികൊണ്ട് സർക്കാരിന് സാമ്പത്തിക നഷ്ടമോ പൊതുജനങ്ങൾക്ക് പരാതിയോ ബുദ്ധിമുട്ടോ ഉണ്ടായിട്ടില്ലാത്തതാണ്. ടിയാനെതിരെയുള്ള കുറ്റങ്ങൾ ഭാഗീകമായി മാത്രം തെളിഞ്ഞിട്ടുള്ളൂ എന്നതിനാൽ ടിയാന് നൽകിയ ശിക്ഷയിൽനിന്നും ഒഴിവാക്കി കുറ്റവിമുക്തനാക്കണമെന്നും സസ്പെൻഷൻ കാലയളവ് റെഗുലറൈസ് ചെയ്ത് ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കണമെന്നും ഹർജിക്കാരൻ ആവശ്യപ്പെടുന്നു.

**(3) എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ട് ഇപ്രകാരമാണ്:**

i) 12.03.2023-ന് തൃശ്ശൂർ ഡിവിഷനിലെ ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിലെ എക്സൈസ് ഇൻസ്പെക്ടർ ശ്രീ ഡി.വി.ജയപ്രകാശിന്റെ നേതൃത്വത്തിൽ ടി ഓഫീസിലെ പ്രിവന്റീവ് ഓഫീസമാരായ സ/ശ്രീ.റ്റി.എസ്.സജി, പി.എ.ഹരിദാസ് സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ.കെ. ശരത്, അനിസ് മുഹമ്മദ് പി.ഇ., വനിത സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി സിജ എൻ.കെ. എന്നിവർ പ്രേമദാസൻ എന്ന ടാക്സി ഡ്രൈവറുടെ ഇന്നോവ കാറിൽ പട്രോൾ പോയതായും, വാടാനാപ്പള്ളി റേഞ്ച് പരിധിയിലുള്ള മുല്ലശ്ശേരി എഫ്എൽ.1 ഷോപ്പിന്റെ സമീപത്തു നിന്നും 3 ലിറ്റർ മദ്യം വാങ്ങിവന്ന രഞ്ജിത്തിനെ പിടികൂടിയതായും, രഞ്ജിത്തിനെ ചോദ്യം ചെയ്തതിൽ ശർമിള എന്ന സ്ത്രീക്ക് വില്പനയ്ക്കായി വാങ്ങിക്കൊണ്ടു പോവുകയാണെന്ന് മനസ്സിലാക്കി ടിയാനെയുംകൂട്ടി ശർമിളയുടെ വീട്ടിലെത്തി പരിശോധിച്ചതിൽ വീട്ടിൽനിന്നും 12 കുപ്പി ബിയർ കൂടി കണ്ടെടുത്ത് എല്ലാ മദ്യവും കൂടിചേർത്ത് രഞ്ജിത്തിന്റെ പേരിൽ കേസെടുക്കാൻ തീരുമാനിച്ചതായും മഹസ്സർ ഒഴികെ മറ്റു രേഖകൾ എല്ലാം തയ്യാറാക്കി ശർമിളയെയും ശർമിളയുടെ വീടിനു പുറകിൽ താമസിക്കുന്ന രാജൻ എന്ന ആളെയും സാക്ഷികൾ ആക്കിയതായും, തുടർന്ന് എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ഡി.വി.ജയപ്രകാശും, പ്രിവന്റീവ് ഓഫീസർ ശ്രീ. സജിയും ശർമിളയുടെ ബന്ധുവായ രാജനുമായി സംസാരിച്ച് കേസ് ഒതുക്കി തീർക്കുന്നതിനായി പണം കൈപ്പറ്റിയിട്ടുള്ളതായും കേസെടുക്കാതെ ഓഫീസിലേയ്ക്ക് മടങ്ങിപ്പോയതായും മദ്യം ഓഫീസിലേയ്ക്ക് കൊണ്ടുവന്നശേഷം എക്സൈസ് ഇൻസ്പെക്ടറും പ്രിവന്റീവ് ഓഫീസർ ശ്രീ.സജിയും പങ്കിട്ടെടുത്തതായും ഇ.ഐ&ഐ.ബി ജോയിന്റ് എക്സൈസ് കമ്മീഷണർ 22.03.2023-ലെ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇ.ഐ&ഐ.ബി വിഭാഗത്തിന്റെ ശ്രദ്ധയിൽ ടി സംഭവം അറിഞ്ഞതിനാലും, ഓഫീസിലെ ഡ്രൈവറും ഒരു സിവിൽ എക്സൈസ് ഓഫീസറും ചേർന്ന് ഇ.ഐ&ഐ.ബി.ക്ക് വിവരം നൽകിയെന്ന സംശയത്താലും തെറ്റിദ്ധാരണയാലും എക്സൈസ് ഇൻസ്പെക്ടർ 20.03.2023-ന് ഓഫീസിൽ സ്റ്റാഫ് മീറ്റിംഗ് വിളിച്ചതായും, ടി മീറ്റിംഗിൽ വച്ച് ഒറ്റുകൊടുത്തവരെ അറിയാമെന്നും പ്രത്യേകിച്ചും ഡ്രൈവറെ പേരെടുത്ത് പറഞ്ഞ് സംശയമുണ്ടെന്ന് പ്രസ്താവിച്ചതായും കൂടാതെ, ടിയാനെ അസഭ്യം വിളിച്ച്

ഭീഷണിപ്പെടുത്തിയതായും ടി സമയം എക്സൈസ് ഇൻസ്പെക്ടർ മദ്യലഹരിയിൽ ആയിരുന്നുവെന്നും കേസ് ഒഴിവാക്കാൻ പണം വാങ്ങിയതായി ടിയാൻ സമ്മതിച്ചതായും, ഭീഷണി സംബന്ധിച്ച് ഡ്രൈവർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് പരാതി സമർപ്പിച്ചതായും, മീറ്റിംഗ് കൂടിയ 20.03.2023-ന് പ്രിവന്റീവ് ഓഫിസർ ശ്രീ.സജിയാണ് ജനറൽ ഡയറി ആരംഭിച്ചതെന്നും, ടിയാനും ഡ്യൂട്ടിക്കാരനും മാത്രമെ രാവിലെ 8.00 മണിക്ക് ഹാജരുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളൂവെന്നും, മറ്റുള്ള ജീവനക്കാർ എത്തിയ സമയംവച്ച് ജനറൽ ഡയറിയിൽ രേഖപ്പെടുത്തിയതായും അതിനുശേഷം എക്സൈസ് ഇൻസ്പെക്ടറും സജിയും ലീവിൽ പോയിട്ടുള്ളതായും ഇ.ഐ&ഐ.ബി ജോയിന്റ് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ii) ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലും പ്രിവന്റീവ് ഓഫീസർ തസ്തികയിലും ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിൽ നിയോഗിച്ചിട്ടുള്ള ടി ഉദ്യോഗസ്ഥരുടെ പ്രവൃത്തി ഗുരുതരമായ അധികാരദുർവിനിയോഗവും, അഴിമതിയും, അച്ചടക്കലംഘനവും, കൃത്യവിലോപവുമാണെന്ന് കണ്ട് ടി വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി വിശദമായി പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ നിയോഗിച്ചുകൊണ്ടും, സുഗമമായ അന്വേഷണത്തിനായി ടി ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും മാറ്റിനിർത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ഡി.വി.ജയപ്രകാശ്, പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ. റ്റി.എസ്.സജി, ശ്രീ.പി.എ.ഹരിദാസ് എന്നിവരെ അച്ചടക്കനടപടിക്ക് വിധേയമായി 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 10(1)(എ) പ്രകാരം സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തുകൊണ്ടും, സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ.കെ.ശരത്, അനീസ് മുഹമ്മദ് പി.ഇ., വനിത സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി സിജ എൻ.കെ. എന്നിവരെ സേനയിലെ അംഗങ്ങളെന്ന നിലയിൽ അവരിൽ നിക്ഷിപ്തമായ കർത്തവ്യങ്ങളെയും നിയമപരിപാലനത്തെയും ദൈനംദിന ഓഫീസ് പ്രവർത്തനങ്ങളെയും ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായ കർത്തവ്യങ്ങളെയും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി 15 പ്രവൃത്തി ദിവസത്തെ പ്രായോഗിക പരിശീലനത്തിന് തൃശ്ശൂർ എക്സൈസ് അക്കാദമിയിൽ നിയോഗിച്ചുകൊണ്ടും 27.03.2023-ൽ ഉത്തരവാകുകയുണ്ടായി.

iii) ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി 10.05.2023-ലെ EDOEKM/463/2023-E1 നമ്പർ കത്ത് പ്രകാരം എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. നിയമപരമായി 3 ലിറ്റർ വിദേശമദ്യം കൈവശം വച്ച് സൂക്ഷിച്ച വ്യക്തിയെ അനധികൃതമായി തടഞ്ഞുനിർത്തി പ്രിവന്റീവ് ഓഫീസർ ശ്രീ.സജിയും സിവിൽ എക്സൈസ് ഓഫീസർ ശ്രീ.അനിസ് മുഹമ്മദും കൂടി ചേർന്ന് ചെയ്ത പ്രവൃത്തിയാണ് 12.03.2023-ലെ അഴിമതിയും ന്യായവിരുദ്ധപ്രവർത്തനങ്ങൾക്കും വഴിവെച്ചതെന്നും, അതിൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ഡി.വി.ജയപ്രകാശ് നിർണ്ണായക പങ്ക് വഹിച്ചതായും എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. മേലുദ്യോഗസ്ഥനെന്ന നിലയിൽ റേഞ്ച് ഉദ്യോഗസ്ഥരുടെയും മറ്റുദ്യോഗസ്ഥരുടെയും അഴിമതിയുടെയും, നിയമരഹിത പ്രവർത്തനങ്ങളുടെയും കാര്യങ്ങളിൽ

ഇടപെടാനാകാതെ വന്നത് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.സുജിത്തിന്റെ മേൽനോട്ടപ്പിഴവാണെന്നും പ്രിവന്റീവ് ഓഫീസർ ശ്രീ. ഹരിദാസൻ നിയമവിരുദ്ധ പ്രവർത്തനത്തിനും, അഴിമതിക്കുമെതിരെ പ്രതികരിച്ചത് ശ്ലാഘനീയമാണെങ്കിലും, എക്സൈസ് ഇൻസ്പെക്ടറുടെ നിർദ്ദേശത്തിന് വശംവദനായിട്ടെങ്കിലും ചട്ടരഹിതമായി കേസെഴുതിയത് ന്യായീകരിക്കാവുന്നതല്ലായെന്നും എങ്കിലും, ഇക്കാര്യത്തിൽ അഴിമതിരഹിത മനോഭാവവും, അഴിമതിക്കെതിരെയുള്ള സന്ധിയില്ലാത്ത ഇടപെടലിൽ ടിയാൻ കാണിച്ച ആർജ്ജവവും കണക്കിലെടുത്ത് ടിയാനോട് ഉദാരമായ സമീപനം സ്വീകരിക്കാവുന്നതാണെന്നും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

iv) എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പ്രാഥമികാന്വേഷണ റിപ്പോർട്ടും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചതിൽ പ്രിവന്റീവ് ഓഫിസർ ശ്രീ. ഹരിദാസിനെ തുടർന്നും സസ്പെൻഷനിൽ നിർത്തേണ്ടതില്ലായെന്നുകണ്ട് ടിയാനോട് ഉദാരമായ സമീപനം സ്വീകരിച്ചുകൊണ്ട് ടിയാനെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടികളെ ദോഷകരമായി ബാധിക്കാത്തതരത്തിൽ പ്രിവന്റീവ് ഓഫീസർ ശ്രീ.പി.എ.ഹരിദാസിനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ചുകൊണ്ട് 27.05.2023-ൽ ഉത്തരവാകുകയുണ്ടായി.

v) 12.03.2023-ന് മൂന്ന് ലിറ്റർ മദ്യവുമായി പിടിച്ച രഞ്ജിത്ത് എന്നയാൾ ശർമ്മിളയെന്ന സ്ത്രീക്കുവേണ്ടിയാണ് മദ്യം വാങ്ങിയതെന്ന് മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ഡി.വി.ജയപ്രകാശും, പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ.റ്റി.എസ്. സജി, പി.എ.ഹരിദാസ്, വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി സിജ, സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ.ശരത്, അനീസ് മുഹമ്മദ് എന്നിവരോടൊപ്പം വാടകയ്ക്ക് വിളിച്ച ടാക്സിയിലും പ്രിവന്റീവ് ഓഫീസർ ശ്രീ.റ്റി.എസ്.സജി മൂന്ന് ലിറ്റർ മദ്യം വാങ്ങിയ രഞ്ജിത്ത് എന്നയാളുമായി ടിയാന്റെ സ്കൂട്ടറിലുമാണ് ശർമ്മിളയെന്ന സ്ത്രീയുടെ വീട് പരിശോധനക്കായി പോയതെന്നും, ശർമ്മിളയുടെ വീട് പരിശോധിച്ചതിൽ ബിയറും മദ്യവും വീട്ടിൽനിന്ന് കണ്ടെത്തിയിട്ടുള്ളതായും, വീട് പരിശോധനയിൽ മദ്യം കണ്ടെടുത്തെങ്കിലും വീട്ടുടമസ്ഥയായ ശർമ്മിളയെന്ന സ്ത്രീയുടെ പേരിൽ കേസ് എടുക്കുകയുണ്ടായില്ലായെന്നും വീട്ടുടമസ്ഥയായ ശർമ്മിളയുടെ ബന്ധുവിനെ വിളിച്ചുവരുത്തി ടിയാനോട് ഒരു ലക്ഷം രൂപ ശർമ്മിളയുടെ പേരിൽ കേസ് എടുക്കാതിരിക്കുന്നതിന് പ്രിവന്റീവ് ഓഫീസർ റ്റി.എസ്.സജി ആവശ്യപ്പെടുകയും എന്നാൽ, ടിയാന്റെ കൈയ്യിൽ അത്രയും തുക ഇല്ലാതിരുന്നതിനാൽ ടിയാന്റെ കൈവശമുണ്ടായിരുന്ന 10,000/ രൂപ ശ്രീ.റ്റി.എസ്.സജി കേസെടുക്കാതിരിക്കുന്നതിന് കൈക്കൂലിയായി കൈക്കലാക്കുകയും ചെയ്തതായും, ഇക്കാര്യത്തിൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ഡി.വി. ജയപ്രകാശും പ്രിവന്റീവ് ഓഫീസർ ശ്രീ.റ്റി.എസ്.സജി, സിവിൽ എക്സൈസ് ഓഫീസർ ശ്രീ.അനീസ് മുഹമ്മദ് എന്നിവരും ഗൂഢാലോചന നടത്തിയതായി എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് പ്രകാരം വെളിവാകുകയുണ്ടായി.

vi) ശ്രീമതി ശർമ്മിളയുടെ വീട്ടിൽനിന്നും കണ്ടെടുത്ത മദ്യവും ശ്രീ.രഞ്ജിത്തിന്റെ കൈവശത്തുനിന്നും കണ്ടെടുത്ത മദ്യവും ഓഫീസിൽ കൊണ്ടുവരുകയും, വീട്ടുടമസ്ഥയായ ശർമ്മിളയെയും രാജനെയും ഓഫീസിൽ വിളിച്ചുവരുത്തി രഞ്ജിത്തിന്റെ പേരിൽ കേസ് എഴുതിയതായി കാണിച്ച് കേസ് രേഖകൾ തയ്യാറാക്കി ജാമ്യനടപടികൾ പൂർത്തിയാക്കി

വിട്ടയച്ചെങ്കിലും രഞ്ജിത്തിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലായെന്നും, 12.03.2023 രാവിലെ 4 ലിറ്റർ വീതം മദ്യം കൈവശം സൂക്ഷിച്ച കുറ്റത്തിന് പിടിച്ചുകൊണ്ടുവന്ന മൊയ്തു, ഹരിദാസ് എന്നിവരുടെ പേരിൽ കേസിന്റെ ഒക്കറൻസ് സമയത്തിൽ മാറ്റംവരുത്തിയും കടത്തികൊണ്ടുവന്ന വാഹനം ഉൾപ്പെടെ ഒഴിവാക്കിയും കേസ് എടുത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടിയാന്മാരെ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതായും എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം വെളിവാകുകയുണ്ടായി.

vii) ചാവക്കാട് എക്സൈസ് റെയ്ഞ്ച് ഓഫീസിൽ 12.03.2023 തീയതി രജിസ്റ്റർ ചെയ്ത കേസുമായി ബന്ധപ്പെട്ട നടപടികളിൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ഡി.വി.ജയപ്രകാശ് കൃത്രിമം കാണിച്ചതിനും നിയമവിരുദ്ധപ്രവർത്തനങ്ങൾ നടത്തിയതിനുംപുറമെ ഓഫീസിന്റെ മേൽനോട്ട ചുമതലയിലും ഭരണനിർവ്വഹണത്തിലും വീഴ്ചവരുത്തുകയും മദ്യപിച്ച് ഓഫീസിൽ ഹാജരായി കീഴുദ്യോഗസ്ഥരോട് അപമര്യാദയായി പെരുമാറുകയും ചെയ്തുവെന്നും, ചാവക്കാട് റെയ്ഞ്ച് ഓഫീസിലെ പരിശോധനയിൽ അലക്ഷ്യമായി കേസിലുൾപ്പെട്ട തൊണ്ടിമുതലുകൾ കാണപ്പെട്ടതായും അഴിമതി-നിയമരഹിത പ്രവർത്തനങ്ങൾ നടത്തിയതിനോടൊപ്പം എക്സൈസ് കമ്മീഷണറുടെ സുപ്രധാന നിർദ്ദേശങ്ങൾ ലംഘിക്കുകയും ചെയ്തത് ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിന്റെ താളപ്പിഴയുടെ സൂചകമാണെന്നും, മേലുദ്യോഗസ്ഥൻ എന്ന നിലയിൽ ഇക്കാര്യത്തിൽ ഇടപെടാനാകാതെ വന്നത് വാടാനപ്പിള്ളി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.സുജിത്തിന് സംഭവിച്ച മേൽനോട്ടപിഴവാണെന്നും എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

viii) മേൽ വിവരിച്ച ടി ഉദ്യോഗസ്ഥരുടെ പ്രവൃത്തി സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റചട്ടങ്ങളുടെ ലംഘനവും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ ഗുരുതരവീഴ്ചയും, അച്ചടക്കലംഘനവും, കൃത്യവിലോപവുമാണെന്ന് കണ്ട് എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ഡി.വി.ജയപ്രകാശ്, പ്രിവന്റീവ് ഓഫീസർ ശ്രീ.റ്റി.എസ്.സജി, പ്രിവന്റീവ് ഓഫീസർ ശ്രീ.പി.എ.ഹരിദാസ്, സിവിൽ എക്സൈസ് ഓഫീസർ ശ്രീ.അനീസ് മുഹമ്മദ്, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.കെ.പി.സുജിത്ത് എന്നിവരോട് വിശദീകരണം ആരാഞ്ഞുകൊണ്ട് 20.06.2023-ൽ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ആയതിന് ടിയാന്മാർ പ്രതിവാദപത്രിക സമർപ്പിക്കുകയുമുണ്ടായി. ടിയാന്മാർ സമർപ്പിച്ച വിശദീകരണവും ബന്ധപ്പെട്ട രേഖകളും പ്രസക്തമായ വസ്തുതകളുമായി വിശദമായി പരിശോധിച്ചതിൽ ആയവ തൃപ്തികരമല്ലായെന്ന് കാണുകയുണ്ടായി. അതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 15 പ്രകാരമുള്ള ഫോർമൽ എൻക്വയറി ടി ചട്ടത്തിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ (നിയമം) എൻക്വയറി ഓഫീസറായി നിയമിച്ചുകൊണ്ട് 23.09.2023-ൽ ഉത്തരവുണ്ടായി. അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) അധ്യക്ഷതയിൽ കൂടിയ സസ്പെൻഷൻ റിവ്യൂ കമ്മറ്റിയുടെ തീരുമാനം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ഡി.വി.ജയപ്രകാശ്, പ്രിവന്റീവ് ഓഫീസർ ശ്രീ.സജി റ്റി.എസ്. എന്നിവരെ സർവീസിൽ പുനഃപ്രവേശിപ്പിച്ച് 26.10.2023-ൽ ഉത്തരവായിട്ടുള്ളതാണ്.

ix) കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (നിയമം) ഫോർമൽ എൻക്വയറി റിപ്പോർട്ട് 30.05.2024-ലെ DCX(Law)/A/630/2023 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ അന്വേഷണ ഉദ്യോഗസ്ഥൻ, ശ്രീ.പി.എ.ഹരിദാസിനെതിരെ എത്തിച്ചേർന്നിട്ടുള്ള നിഗമനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

x) 12.03.2023 രാവിലെ 4 ലിറ്റർ വീതം മദ്യം കൈവശം സൂക്ഷിച്ച കുറ്റത്തിന് പിടിച്ചുകൊണ്ടുവന്ന മൊയ്തു, ഹരിദാസ് എന്നിവരുടെ പേരിലുള്ള കേസിന്റെ ഒക്കറൻസ് സമയത്തിൽ മാറ്റംവരുത്തിയും, കടത്തികൊണ്ടുവന്ന വാഹനം ഉൾപ്പെടെ ഒഴിവാക്കിയും കേസ് എടുത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടിയാന്മാരെ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതായും അന്വേഷണ റിപ്പോർട്ട് പ്രകാരം വെളിവാകുന്നു. ടി കേസുമായി ബന്ധപ്പെട്ട് എക്സൈസ് ഇൻസ്പെക്ടറുടെ നിർദ്ദേശത്തിന് വഴങ്ങി ചട്ടരഹിതമായി കേസ് രേഖകൾ എഴുതി തയ്യാറാക്കിയതായി വെളിവായിട്ടുള്ളതാണ്.

xi) ഫോർമൽ എൻക്വയറി റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രിവന്റീവ് ഓഫീസർ ശ്രീ.പി.എ.ഹരിദാസിനെതിരെയുള്ള ആരോപണങ്ങൾക്ക് അടിസ്ഥാനമായ റെയ്ഡിനുപോയ പാർട്ടിയിൽ ടിയാൻ ഉള്ളതിനാലും ആരോപണങ്ങൾ ഭാഗികമായി തെളിയിക്കാൻ കഴിഞ്ഞതിനാലും 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 11(1)(ii) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടയുന്നതിന് താത്കാലിക തീരുമാനം എടുത്തിട്ടുള്ളതും, ടി ഉദ്യോഗസ്ഥർക്ക് മറുപടി സമർപ്പിക്കുന്നതിലേക്കും, നേരിട്ട് കേൾക്കുന്നതിലേക്കുമായി കാരണം കാണിക്കൽ നോട്ടീസ് 19.10.2024-ൽ നൽകിയിട്ടുള്ളതുമാണ്. ടി കാരണം കാണിക്കൽ നോട്ടീസിനു ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള മറുപടി സമർപ്പിച്ചിട്ടുള്ളതാണ്.

xii) കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിൽ ഉണ്ടായ നിയമവിരുദ്ധ പ്രവൃത്തികൾ, ടിയാൻ തൃശ്ശൂർ ഇ.ഐ.&ഐ.ബി.യിലെ പ്രിവന്റീവ് ഓഫീസർ കെ.ജെ.ലോനപ്പനെ രഹസ്യസ്വഭാവത്തിൽ വിളിച്ചറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ, ഇ.ഐ.&ഐ.ബി. ജോയിന്റ് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയും തുടർന്ന്, യാതൊരു പരാതിയും കുറ്റവും ആരോപണങ്ങളും ഇല്ലാത്ത ടിയാനെ സസ്പെൻഡ് ചെയ്തതായും മറുപടി സമർപ്പിച്ചിട്ടുണ്ട്. പ്രിവന്റീവ് ഓഫീസർ സജി, സിവിൽ എക്സൈസ് ഓഫീസർ അനീസ് മുഹമ്മദ് എന്നിവർ ചേർന്ന് രഞ്ജിത്ത്, മൊയ്തു, ഹരിദാസ് എന്നിവരെ മദ്യവുമായി ഓഫീസിൽ ഒരേസമയത്താണ് ഹാജരാക്കിയിട്ടുള്ളതും, മൂന്ന് കേസുകളും ഒരാൾക്ക് എഴുതി തീർക്കുവാൻ സാധിക്കില്ല എന്നതുകൊണ്ടും ഹരിദാസ് എന്നയാളുടെ പേരിൽ കേസ് രേഖകൾ തയ്യാറാക്കുവാൻ ഓഫീസിൽ വച്ച് എക്സൈസ് ഇൻസ്പെക്ടർ ടിയാന് കർശന നിർദ്ദേശം നൽകിയതിനാൽ ടി കേസ് രേഖകൾ ടിയാൻ തയ്യാറാക്കിയിട്ടുള്ളതും, അതിൽ യാതൊരു ദുരുദ്ദേശം ഇല്ലാത്തതും സാമ്പത്തിക ഇച്ഛയോ ലാഭമോ താത്പര്യമോ ലക്ഷ്യമോ ഇല്ലാത്തതും, അതിനെക്കുറിച്ച് ചിന്തിച്ചിട്ടില്ലാത്തതുമാണെന്നും മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. എക്സൈസ് ഇൻസ്പെക്ടറുടെ നിർദ്ദേശം പാലിച്ചില്ലായെങ്കിൽ വൈരാഗ്യത്തോടെ ശേഷം സർവ്വീസ് കാലയളവിൽ ടിയാനോട് പെരുമാറുകയും, നിരന്തരം ദ്രോഹിക്കുകയും ചെയ്യുമെന്നുള്ളതിനാലാണ് ടിയാൻ

ഓഫീസിൽ വച്ച് കേസ് രേഖകൾ തയ്യാറാക്കിയിട്ടുള്ളതായും മറുപടി സമർപ്പിച്ചിട്ടുള്ളതാണ്.

xiii) ടിയാനെതിരെയുള്ള ആരോപണത്തിലെ പ്രതിയായ ഹരിദാസ് എന്നയാളുടെ മൊഴി മാത്രം രേഖപ്പെടുത്തിയതായിട്ടില്ലാത്തതും, പോലീസ് സേനയിലും, എക്സൈസ് സേനയിലുമായി ആകെ 32 വർഷം സർവ്വീസ് ഉള്ളതും 2025 മാർച്ച് 31-ന് സർവ്വീസിൽനിന്നും വിരമിക്കാനിരിക്കുന്നതും ഇത്തരം ആരോപണങ്ങൾ സർവ്വീസ് കാലയളവിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്തതും യാതൊരു സാക്ഷി മൊഴികളുടെ അടിസ്ഥാനവും, തെളിവുകളും ഇല്ലാത്തതും, വസ്തുതകൾക്ക് നിരക്കാത്തതും ആയതിനാൽ താത്കാലിക തീരുമാനത്തിനുള്ള ശിക്ഷ പൂർണ്ണമായും ഒഴിവാക്കി നിരുപാധികം വിമുക്തനാക്കണമെന്നും, സന്തോഷത്തോടെയും, സമാധാനത്തോടെയും സേവനം പൂർത്തിയാക്കി വിരമിക്കാൻ അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുള്ളതാണ്. പ്രിവന്റീവ് ഓഫീസർമാരായ ശ്രീ.പി.എ.ഹരിദാസ് 18.01.2025-ന് നേരിൽ അച്ചടക്കനടപടി അധികാരി മുൻപാകെ ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ് .

xiv) ഫോർമൽ എൻക്വയറി റിപ്പോർട്ടും, ബന്ധപ്പെട്ട രേഖകളും വസ്തുതകളും, കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ മൊഴികളും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രിവന്റീവ് ഓഫീസർ ഹരിദാസ് പി.എ.യ്ക്ക് എതിരായ കുറ്റാരോപണ മെമ്മോയിൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ രേഖകളുടെ വിശകലനത്തിൽ ഭാഗികമായി തെളിയുന്നുണ്ടെന്നതിനാലും, കുറ്റത്തിന്റെ ഗൗരവം കണക്കിലെടുത്തും, ടി കുറ്റകൃത്യങ്ങളിൽനിന്നും എക്സൈസ് ഇൻസ്പെക്ടറെ തടയാതെ മൗനംപാലിക്കുകയും, ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയതിയതിനാലും 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 11(1)(iii) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കുകയുണ്ടായി. അതിനെതിരെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ഹരിദാസ് പി.എ. അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

xv) മേൽ സാഹചര്യത്തിൽ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ.ഹരിദാസ് പി.എ.യ്ക്കെതിരെ (സേവനത്തിൽ നിന്നും 31.03.2025-ൽ വിരമിച്ചു) സ്വീകരിച്ചുവന്ന അച്ചടക്കനടപടി, ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കിയ ഉത്തരവിനെതിരെ ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലായെന്നു അറിയിക്കുന്നു.

**(4)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കുറ്റാരോപിതനായ ഹർജിക്കാരനെ 27.03.2023-ൽ സസ്പെൻഡ് ചെയ്തിട്ടുള്ളതും 27.05.2023 തീയതിയിൽ പുന:പ്രവേശിപ്പിച്ചിട്ടുള്ളതുമാണ്. എക്സൈസ് കമ്മീഷണർ 27.03.2023-ൽ പുറപ്പെടുവിച്ച സസ്പെൻഷൻ ഉത്തരവ് പരിശോധിച്ചതിൽ, ചാവക്കാട് റേഞ്ച് ഓഫീസിൽനിന്നും 12.03.2023-ന് പട്രോൾ ഡ്യൂട്ടിക്ക് പോയ ടീമിൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ഡി.വി.ജയപ്രകാശ്, പ്രിവന്റീവ് ഓഫീസർമാരായ ശ്രീ.ടി.എസ്.സജി, ശ്രീ.പി.എ.ഹരിദാസ്, സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ.കെ.ശരത്, അനീസ് മുഹമ്മദ് പി.ഇ., വനിത സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി സിജ എൻ.കെ. എന്നിവർ

ഉൾപ്പെട്ടിട്ടുള്ളതായും, അധികമദ്യം കൈവശം വച്ച രഞ്ജിത്തിനെ പിടികൂടിയതായും, ടി മദ്യം ശർമിള എന്ന സ്ത്രീക്ക് വേണ്ടിയാണെന്ന് ടിയാൻ വെളിപ്പെടുത്തിയിട്ടുള്ളതിനെ തുടർന്ന്, ടി ശർമിളയെയും പിടികൂടിയതായും ടി ശർമിളയ്ക്കുവേണ്ടി വാദിച്ച ടിയാളുടെ ബന്ധുവായ രാജനിൽ നിന്നും കേസ് ഒതുക്കി തീർക്കുന്നതിന് എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ഡി.വി.ജയപ്രകാശ്, പ്രിവന്റീവ് ഓഫീസർ ശ്രീ.സജി എന്നിവർ പണം കൈപ്പറ്റിയിട്ടുള്ളതായും കേസെടുക്കാതെ ഓഫീസിലേക്ക് മടങ്ങി പോയതായും മദ്യം ഓഫീസിലേക്ക് കൊണ്ടുവന്നശേഷം എക്സൈസ് ഇൻസ്പെക്ടറും പ്രിവന്റീവ് ഓഫീസർ ശ്രീ.സജിയും മദ്യം പങ്കിട്ടെടുത്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഹർജിക്കാരനായ ശ്രീ.പി.എ.ഹരിദാസിന്റെ ഭാഗത്തുണ്ടായ വീഴ്ച എന്താണെന്ന് ടി ഉത്തരവിൽ വ്യക്തമാക്കാതെ, ടി പട്രോൾ ടീമിൽ ഉൾപെട്ടുവെന്ന ഒറ്റ കാരണത്താൽ മാത്രമാണ് ടിയാനെയും സസ്പെൻഷന് വിധേയമാക്കിയിട്ടുള്ളത് എന്ന് കാണുന്നു.

**(5)** ഹർജിക്കാരനായ ശ്രീ.പി.എ.ഹരിദാസിനെ സർവീസിൽ പുന:പ്രവേശിപ്പിച്ചുകൊണ്ട് അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം) 27.05.2023-ൽ പുറപ്പെടുവിച്ച ഉത്തരവ് പരിശോധിച്ചതിൽ, കേസ് ഒഴിവാക്കുന്നതിനായി എക്സൈസ് ഇൻസ്പെക്ടർ പണം വാങ്ങിയതായി സമ്മതിച്ചിട്ടുണ്ടെന്നും, പണം വാങ്ങി കേസ് ഒത്തുതീർപ്പാക്കി എന്നും എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ ബ്യൂറോ ജോയിന്റ് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ടി ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. നിയമപരമായി മൂന്ന് ലിറ്റർ വിദേശമദ്യം കൈവശം വച്ച് സൂക്ഷിച്ച വ്യക്തിയെ തടഞ്ഞുനിർത്തി അനധികൃതമായി പ്രിവന്റീവ് ഓഫീസർ ശ്രീ.സജിയും സിവിൽ എക്സൈസ് ഓഫീസർ ശ്രീ.അനീസ് മുഹമ്മദും കൂടി ചേർന്ന് ചെയ്ത പ്രവൃത്തിയാണ് 12.03.2023-ലെ അഴിമതിക്കും ന്യായവിരുദ്ധ പ്രവർത്തനങ്ങൾക്കും വഴിവച്ചതെന്നും, ടി പ്രവൃത്തിയിൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ഡി.വി.ജയപ്രകാശ് നിർണ്ണായക പങ്ക് വഹിച്ചുവെന്നും എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടി ഉത്തരവിൽ പറയുന്നു. പ്രിവന്റീവ് ഓഫീസർ ശ്രീ.ഹരിദാസൻ നിയമവിരുദ്ധ പ്രവർത്തനത്തിനും, അഴിമതിക്കുമെതിരെ പ്രവർത്തിച്ചത് ശ്ലാഘനീയമാണെങ്കിലും എക്സൈസ് ഇൻസ്പെക്ടറുടെ നിർദ്ദേശത്തിന് വശംവദനായിട്ടെങ്കിലും ചട്ടത്തിന് അതീതമായി കേസ് എഴുതിയത് ന്യായീകരിക്കാവുന്നതല്ലെന്നും എന്നാൽ, ഇക്കാര്യത്തിൽ അഴിമതിരഹിത മനോഭാവവും അഴിമതിക്കെതിരെയുള്ള സന്ധിയില്ലാത്ത ഇടപെടലിൽ ടിയാൻ കാണിച്ച ആർജ്ജവവും കണക്കിലെടുത്ത് ടിയാനോട് ഉദാരമായ സമീപനം സ്വീകരിക്കാവുന്നതാണെന്നും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ടി ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**(6)** ഹർജിക്കാരന് 20.06.2023-ൽ നൽകിയ കുറ്റാരോപണപത്രികയിലും മേൽപ്പറഞ്ഞ വസ്തുതകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ശർമിള എന്ന സ്ത്രീയുടെ ബന്ധുവിനെ വിളിച്ചുവരുത്തി, ടി ശർമിളക്കെതിരെ കേസെടുക്കാതിരിക്കുന്നതിന് ടിയാനോട് ഒരു ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും ടിയാന്റെ കൈവശം 10,000 രൂപ മാത്രം ഉണ്ടായിരുന്നതിനാൽ ടി തുക ശ്രീ.സജി കൈക്കലാക്കിയതായും, ഇക്കാര്യത്തിൽ പ്രിവന്റീവ് ഓഫീസർ ശ്രീ.സജി, സിവിൽ എക്സൈസ് ഓഫീസർ ശ്രീ.അനീസ് മുഹമ്മദ്, എക്സൈസ് ഇൻസ്പെക്ടർ എന്നിവർ ഗൂഢാലോചന നടത്തിയതായും എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പ്രാഥമിക

അന്വേഷണ റിപ്പോർട്ടിൽ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ശർമിളയെയും രാജനെയും ഓഫീസിൽ വിളിച്ചുവരുത്തി മദ്യം കൈവശംവച്ച രഞ്ജിത്തിന്റെ പേരിൽ കേസ് എഴുതിയതായി കാണിച്ച് കേസ് രേഖകൾ തയ്യാറാക്കി ജാമ്യനടപടികൾ പൂർത്തിയാക്കി വിട്ടയച്ചെങ്കിലും രഞ്ജിത്തിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിൽ നിന്നും വെളിവാകുന്നുവെന്നും, 12.03.2023-ൽ 4 ലിറ്റർ വീതം മദ്യം കൈവശം വച്ചതിന് അറസ്റ്റ് ചെയ്ത മൊയ്തു, ഹരിദാസ് എന്നിവരുടെ പേരിൽ കേസിന്റെ ഒക്കറൻസ് സമയത്തിൽ മാറ്റംവരുത്തിയും, കടത്തിക്കൊണ്ടുവന്ന വാഹനം ഉൾപ്പെടെ ഒഴിവാക്കിയും കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടിയാൻമാരെ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണെന്നും ടി അന്വേഷണം റിപ്പോർട്ട് വ്യക്തമാക്കുന്നുവെന്നും, ഹർജിക്കാരൻ എക്സൈസ് ഇൻസ്പെക്ടറുടെ നിർദ്ദേശത്തിന് വഴങ്ങി ചട്ടരഹിതമായി കേസ് എഴുതുന്നതിന് തയ്യാറായതായി ടി റിപ്പോർട്ടിൽനിന്നും വെളിവാകുന്നുവെന്നും ടി കുറ്റാരോപണപത്രികയിൽ വ്യക്തമാക്കുന്നു. വനിതാ ഉദ്യോഗസ്ഥരെ റെയ്ഡുകളിൽനിന്നും ടിയാൻ ഒഴിവാക്കുന്നതായി ജനറൽ ഡയറി പരിശോധനയിൽ വ്യക്തമാകുന്നുവെന്നും ടി ഓഫീസിൽ പൊതുവെ അഴിമതി നടക്കുന്നതായി താഴെ തട്ടിലുള്ള ഉദ്യോഗസ്ഥരുടെയും പുകയില വ്യാപാരിയുടെയും മൊഴിയിൽനിന്നും വ്യക്തമാകുന്നുവെന്നും കുറ്റാരോപണ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഹർജിക്കാരന്റെ പ്രവൃത്തി ഗുരുതരമായ അധികാരം ദുർവിനിയോഗവും അഴിമതിക്ക് കൂട്ടുനിൽക്കുന്നതും അച്ചടക്കലംഘനവും കൃത്യവിലോപവുമാണ് വെളിവാക്കുന്നതെന്നും, കൈക്കൂലി വാങ്ങി കേസ് ഒത്തുതീർപ്പാക്കുന്നതിന് എക്സൈസ് ഇൻസ്പെക്ടർക്ക് ഒത്താശ ചെയ്ത പ്രവൃത്തി ഔദ്യോഗിക കൃത്യനിർവഹണത്തിലെ ഗുരുതരവീഴ്ചയാണെന്നും കുറ്റാരോപണ പത്രികയിൽ പറയുന്നുണ്ട്. കുറ്റാരോപണ പത്രികയോടൊപ്പം ടിയാന് നൽകിയ കുറ്റാരോപണമെമ്മോയിൽ ടിയാൻ 13 കുറ്റങ്ങൾ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. അവയ്ക്ക് 26.03.2024 തീയതിയിൽ ഹർജിക്കാരൻ വിശദീകരണവും നൽകിയിട്ടുണ്ട്.

(7) EI&IB ജോയിന്റ് എക്സൈസ് കമ്മീഷണറിന്റെ 22.03.2023 തീയതിയിലെ റിപ്പോർട്ടിൽ ടിയാനെതിരെ യാതൊരു കുറ്റവും ആരോപിച്ചിട്ടില്ലെന്നും, 12.03.2023-ന് നടന്ന സംഭവങ്ങൾ ടിയാൻതന്നെയാണ് മേലധികാരികളുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതെന്നും, എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 10.05.2023-ലെ റിപ്പോർട്ടിൽ, ഗൂഢാലോചനയും അഴിമതിയും കൃത്യവിലോപവും നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ കൃത്യമായി പ്രതിപാദിച്ചിട്ടുള്ളതാണെന്നും, ടിയാൻ നിരപരാധിയാണെന്ന് അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിലും മറ്റുള്ളവരുടെ മൊഴികളിലും മറ്റു തെളിവുകളിലുംനിന്ന് വ്യക്തമാകുന്നതാണെന്നും, ഹരിദാസ് എന്നയാളുടെ പേരിൽ കൂടുതൽ മദ്യം കൈവശം വച്ചതിന് നിയമാനുസൃതം കേസെടുത്തിട്ടുള്ളതും ടി കേസിൽ വാഹനമോ മറ്റു തൊണ്ടിമുതലുകളോ ഇല്ലാത്തതും, എക്സൈസ് ഇൻസ്പെക്ടർ കേസ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതും, കേസ് രജിസ്റ്റർ ചെയ്ത് അന്നേദിവസം പ്രതിക്ക് ജാമ്യം അനുവദിച്ചിട്ടുള്ളതുമാണെന്നും, 30 വർഷ സർവീസിനിടയിൽ ചട്ടലംഘനം നടത്തിയിട്ടില്ലെന്നും, വനിതാ ജീവനക്കാരെ പരമാവധി പട്രോളിങ് ഡ്യൂട്ടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, പ്രിവന്റീവ് ഓഫീസർ ശ്രീ.ടി.എസ്.സജിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥന് നിരക്കാത്ത പ്രവൃത്തികൾ യഥാസമയം ഹർജിക്കാരനും മറ്റു ജീവനക്കാരും എക്സൈസ് ഇൻസ്പെക്ടറുടെ

ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണെന്നും, ഹർജിക്കാരൻ അധികാര ദുർവിനിയോഗമോ അച്ചടക്കലംഘനമോ നടത്തിയിട്ടില്ലെന്നും, കൈക്കൂലി വാങ്ങി കേസ് ഒതുക്കി തീർക്കുകയോ അതിന് ഒത്താശ ചെയ്യുകയോ ചെയ്തിട്ടില്ലെന്നും, സേവനകാലയളവിൽ സത്യസന്ധമായും നിഷ്പക്ഷമായുമാണ് ജോലി നിർവഹിച്ചിട്ടുള്ളതെന്നും ഹർജിക്കാരൻ 26.03.2024-ന് കുറ്റാരോപണമെമ്മോയ്ക്കും കുറ്റാരോപണ പത്രികയ്ക്കും നൽകിയ മറുപടിയിൽ വ്യക്തമാക്കുന്നു.

**(8)** എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ 21.05.2024 തീയതിയായി സമർപ്പിച്ച അന്വേഷണവിചാരണ റിപ്പോർട്ട് പരിശോധിച്ചു. ഹർജിക്കാരനെതിരെ കുറ്റാരോപണ മെമ്മോയിൽ ഉന്നയിച്ചിരുന്ന 13 കുറ്റങ്ങളിൽ 1,2,3,4,7,9,10 കുറ്റങ്ങൾ തെളിഞ്ഞിട്ടില്ലാത്തതും 5,6,8,11,12,13 കുറ്റങ്ങൾ തെളിഞ്ഞതായും രേഖപ്പെടുത്തിയിട്ടുണ്ട്. കുറ്റം 5-ൽ പറയുന്നത് "താങ്കൾ എക്സൈസ് ഇൻസ്പെക്ടറുടെ നിർദ്ദേശത്തിന് വഴങ്ങി ചട്ടരഹിതമായി കേസ് എഴുതുന്നതിന് തയ്യാറായതായി അന്വേഷണ റിപ്പോർട്ട് വെളിവാക്കുന്നു" എന്നാണ്. എന്നാൽ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, "കുറ്റാരോപിതൻ എക്സൈസ് ഇൻസ്പെക്ടറുടെ നിർദ്ദേശത്തിന് വഴങ്ങി ചട്ടരഹിതമായി കേസ് എടുക്കുന്നതിന് തയ്യാറായിട്ടുണ്ട്" എന്നാണ്. ഇതിനോടൊപ്പമുള്ള conclusion-ൽ കുറ്റാരോപിതൻ മേലുദ്യോഗസ്ഥന്റെ നിർദ്ദേശപ്രകാരം എഴുതിയതായി കുറ്റസമ്മതം നടത്തിയതിനാൽ ചട്ടരഹിതമായി മഹസർ തയ്യാറാക്കിയിട്ടുണ്ട് എന്ന് തെളിയിക്കാൻ കഴിഞ്ഞുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ചില കേസുകളിൽ സംഭവസ്ഥലത്ത് വച്ചുതന്നെ മഹസർ എഴുതാൻ പറ്റാത്ത സാഹചര്യങ്ങൾ ഉണ്ടാകാറുണ്ടെന്നും, അത്തരം സന്ദർഭങ്ങളിൽ ഓഫീസിൽ വന്നാണ് അവ തയ്യാറാക്കുന്നതെന്നും, കേസുകളുടെ എണ്ണം കൂടുകയോ, മറ്റ് അസൗകര്യങ്ങൾ ഉണ്ടാവുകയോ ചെയ്യുന്ന വേളയിൽ പരസ്പര സഹായ മനോഭാവത്തോടെയാണ് മേലുദ്യോഗസ്ഥൻ പറഞ്ഞതനുസരിച്ച് മഹസർ തയ്യാറാക്കിയിട്ടുള്ളതെന്നും ഹിയറിങ് വേളയിൽ ഹർജിക്കാരൻ ബോധിപ്പിച്ചിട്ടുണ്ട്. ടി വിശദീകരണം കണക്കിലെടുത്ത് ടിയാനെ ടി കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കാവുന്നതായി കാണുന്നു. വനിതാ ഉദ്യോഗസ്ഥരെ റെയ്ഡുകളിൽ നിന്നും ഒഴിവാക്കുന്നുവെന്ന 6-ാം നമ്പർ കുറ്റത്തിന്, വനിതാ ഉദ്യോഗസ്ഥരെ ഓഫീസ് സംബന്ധമായ കാര്യങ്ങൾക്ക് മാത്രമേ ഉൾപ്പെടുത്താറുള്ളൂവെന്നും, റെയ്ഡ്, N.H. സ്ട്രൈക്കിംഗ് ഫോഴ്സ് പോലുള്ള ഡ്യൂട്ടികൾ നൽകാറില്ലെന്ന് വനിതാ ഉദ്യോഗസ്ഥർ മൊഴി നൽകിയതായും, അതിനാൽ ടി കുറ്റം തെളിഞ്ഞതായി കണക്കാക്കുന്നുവെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ടിൽ പറയുന്നു. പ്രത്യേക സാഹചര്യങ്ങളിൽ ie, ഓഫീസിൽ തിരക്ക് കൂടുന്ന അവസരങ്ങളിൽ മാത്രമേ വനിത ജീവനക്കാരെ ഒഴിവാക്കിയിട്ടുള്ളൂ എന്നാണ് ഹിയറിങ് വേളയിൽ ഹർജിക്കാരൻ ബോധിപ്പിച്ചിട്ടുള്ളത്. ടി കുറ്റത്തിന് ടിയാന് താക്കീത് നൽകി തീർപ്പാക്കാവുന്നതായി കാണുന്നു. 8,11,12,13 നമ്പർ കുറ്റാരോപണങ്ങളിൽ ടിയാൻ അഴിമതിക്ക് കൂട്ടുനിന്നുവെന്നതും അധികാര ദുർവിനിയോഗം നടത്തിയെന്നതും അച്ചടക്ക ലംഘനവും, വകുപ്പിന് പൊതുജന സമക്ഷം അവമതിപ്പ് ഉണ്ടാക്കുന്നതും, ഉദ്യോഗസ്ഥർ പാലിക്കേണ്ട മര്യാദകൾ ലംഘിച്ചതും ഔദ്യോഗിക കൃത്യനിർവഹണങ്ങളിൽ പരാജയപ്പെട്ടതുമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 4,6 കുറ്റങ്ങൾ കുറ്റാരോപിതൻ ചെയ്തിട്ടുണ്ടെന്ന് തെളിഞ്ഞിട്ടുള്ളതിനാൽ 8,11,12,13 കുറ്റങ്ങളും തെളിഞ്ഞതായി കണക്കാക്കുന്നുവെന്നാണ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിൽ

രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 4-ാം നമ്പർ കുറ്റം തെളിഞ്ഞിട്ടില്ലാത്തതാണെന്ന് ടി റിപ്പോർട്ടിൽതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ടിയാന്റെ സർവീസ് കാലയളവിൽ അച്ചടക്കലംഘനമോ മറ്റ് കുറ്റകൃത്യങ്ങളോ നടത്തിയതായോ ശിക്ഷിക്കപ്പെട്ടതായോ കാണുന്നില്ല. അതിനാൽതന്നെ, 8,11,12,13 ആരോപണങ്ങളിൽനിന്നും ടിയാളെ ഒഴിവാക്കാവുന്നതായി കാണുന്നു.

**(9)** ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വിവിധ സാക്ഷി മൊഴികൾ പരിശോധിച്ചതിൽ, ഹർജിക്കാരൻ തന്നെയാണ് 12.03.2023-ൽ നടന്ന കുറ്റകൃത്യം മേലുദ്യോഗസ്ഥരെ ഫോൺമുഖേന അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാകുന്നുണ്ട്. അതിന്റെ call history ടിയാൻ ഹാജരാക്കിയിട്ടുണ്ട്. മാത്രമല്ല, വിദേശമദ്യം അനധികൃതമായി കൈവശംവച്ച പ്രതികളുടെ മൊഴികളിലും ഹർജിക്കാരനെതിരെ ആരോപണം ഉന്നയിച്ചിട്ടുള്ളതായി കാണുന്നില്ല. ഹർജിക്കാരൻ 07.03.2025-ൽ ചാവക്കാട് എക്സൈസ് റെയ്ഞ്ച് ഓഫീസ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് സമർപ്പിച്ച RTI പ്രകാരമുള്ള അപേക്ഷയ്ക്ക് നൽകിയ മറുപടി പരിശോധിച്ചതിൽ, ക്രൈം നമ്പർ 17/2023 അബ്കാരി കേസ് കണ്ടുപിടിച്ചത് എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ജയപ്രകാശ് ഡി.വി. ആണെന്നും, ടി കേസിൽ 500 രൂപ ബഹു.കോടതിയിൽ പിഴ ഒടുക്കി തീർപ്പാക്കിയതായും, ഹർജിക്കാരനായ ശ്രീ.പി.എ.ഹരിദാസ് കണ്ടുപിടിച്ച ക്രൈം നമ്പർ 18/2023 അബ്കാരി കേസ് 2000 രൂപ ബഹു.കോടതിയിൽ പിഴ ഒടുക്കി തീർപ്പാക്കിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഹർജിക്കാരന്റെ ഭാഗത്തുനിന്നും മേജർ ശിക്ഷ നൽകത്തക്ക വീഴ്ചകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെടുന്നില്ല. മാത്രമല്ല, കുറ്റാരോപണം ഭാഗികമായി തെളിയുന്നതെങ്കിലും സഹപ്രവർത്തകനായ ശ്രീ.അനീസ് മുഹമ്മദ് പി.ഇ.ക്ക് കുറ്റകൃത്യത്തെ കുറിച്ച് അറിയാമായിരുന്നില്ല എന്ന വാദം പരിഗണിച്ച് ടിയാന് സെൻഷർ നൽകിയാണ് അച്ചടക്കനടപടി തീർപ്പുകൽപ്പിച്ചിട്ടുള്ളത്. അതേ ആനുകൂല്യത്തിന് ഹർജിക്കാരനും അർഹനാണെന്ന് കാണുന്നു.

**(10)** മേൽ സാഹചര്യത്തിൽ, എക്സൈസ് കമ്മീഷണറുടെ പരാമർശം (1) ഉത്തരവു പ്രകാരം ഹർജിക്കാരന്റെ വാർഷികവേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞ നടപടിയിൽനിന്നും ഹർജിക്കാരനെ ഒഴിവാക്കിയും, ടിയാന്റെ സസ്പെൻഷൻ കാലയളവ് റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയും, പരാമർശം (2)-ലെ പുന:പരിശോധനാ ഹർജി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
ഡെപ്യൂട്ടി സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ശ്രീ.ഹരിദാസ് പി.എ. (എക്സൈസ് കമ്മീഷണർ മുഖേന)

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), കേരളം, തിരുവനന്തപുരം,

4. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/57/2025/നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Hemalatha Das
സെക്ഷൻ ഓഫീസർ
Date: 14-07-2025 12:25:26